വെള്ളൂർ ന്യൂസ്പ്രിൻറ് ഫാക്ടറിക്ക് വനഭൂമി കൈമാറ്റം

43. [1529] ശ്രീ. എ. സി. ഷൺമുഖദാസ് :
,, കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നമ്പലമേട്ടിലെയും പമ്പയിലെയും വനഭൂമി വെള്ളൂർ ന്യൂസ് പ്രിൻറ് ഫാക്ടറിക്ക് കൈമാറിയിട്ടുണ്ടോ ; എങ്കിൽ കേന്ദ്രാനുമതി വാങ്ങിയശേഷമാണോ കൈമാറിയത് എന്ന് വ്യക്തമാക്കുമോ ;

(ബി) വനഭൂമി ഇതര ആവശ്യങ്ങൾക്ക് കൈമാറുന്നതിന് കേന്ദ്ര സർക്കാരിൻെറ മുൻകൂട്ടിയുള്ള അനുമതി ആവശ്യമാണോ ;

(സി) പെരിയാർ വന്യഭൂമി സങ്കേതത്തിൻെറയും എലിഫൻറ് പ്രോജക്ടിൻെറയും പരിധിയിൽ വരുന്ന ഭൂമിയാണോ സംസ്ഥാന സർക്കാർ ന്യൂസ്പ്രിൻറ് ഫാക്ടറിക്ക് കൈമാറിയതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പൊന്നമ്പലമേട്ടിലെയും പമ്പയിലെയും യൂക്കാലി തോട്ടങ്ങൾ കൃാപ്റീവ് പ്ലാൻേറഷനുവേണ്ടി വെള്ളൂർ ന്യൂസ്പ്രിൻറ് ഫാക്ടറിക്ക് കൈമാറിയിട്ടുണ്ട്. ഇതിന് കേന്ദ്ര അനുമതി വാങ്ങിയിട്ടില്ല.

(ബി) ഫോറസ്റ്റ് കൺസർവേഷൻ ആക്ടിലെ സബ് ക്ലാസ് 2(111) നുള്ള വിശദീകരണപ്രകാരം 100% കേന്ദ്ര സർക്കാർ ഉടമയിലുള്ള ഹിന്ദുസ്ഥാൻ ന്യൂസ്പ്രിൻറ് പോലുള്ള കമ്പനികൾക്ക് കൃാപ്റീവ് പ്ലാൻേറഷൻ നിർമ്മിക്കുന്നതിന് വനഭൂമി കൈമാറുന്നതിന് കേന്ദ്ര സർക്കാരിൻെറ മുൻകൂട്ടിയുള്ള അനുമതി ആവശ്യമില്ല.

(സി) പെരിയാർ വന്യഭൂമി സങ്കേതത്തിൻെറ പരിധിയിൽപ്പെട്ട വനഭൂമി ന്യൂസ് പ്രിൻറ് ഫാക്ടറിക്ക് കൈമാറിയിട്ടില്ല. എന്നാൽ പ്രോജക്ട് എലിഫെൻറിൻെറ അതിരുകൾക്കുള്ളിൽ പ്ലാൻേറഷനുകൾ നടത്തുന്നതിന് നിരോധനമില്ലാത്തതിനാൽ അതിൻെറ പരിധിക്കുള്ളിൽ ന്യൂസ് പ്രിൻറ് ഫാക്ടറിക്ക് പ്ലാൻേറഷനുവേണ്ടി സ്ഥലം അനുവദിച്ചിട്ടുണ്ട്.

കേരളത്തിൽ പുതുതായി ചന്ദന ഫാക്ടറികൾ അനുവദിക്കണമെന്ന് അപേക്ഷ

44. [1530] ശ്രീ. സത്യൻ മൊകേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പുതുതായി ചന്ദന ഫാക്ടറികൾ അനുവദിക്കണം എന്ന അപേക്ഷ പരിഗണനയിലുണ്ടോ ;

(ബി) പുതുതായി ചന്ദന ഫാക്ടറികൾ അനുവദിക്കണമെന്ന അപേക്ഷ ആരൊക്കെയാണ് സമർപ്പിച്ചിട്ടുള്ളത് ; എവിടെയൊക്കെ അനുവദിക്കുന്നതിനാണ് അപേക്ഷിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) ചന്ദന ഫാക്ടറികൾ അനുവദിക്കുന്നത് വനസമ്പത്തിൻെറ നാശത്തിന് കാരണമാകുമെന്നതിനാൽ അനുവദിക്കാൻ പാടില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ ഫാക്ടറി അനുവദിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെയാണ് ?

LIBRARY ARCHIVES Kerala Legislative Assembly